**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6057** **17-03-2023 - ൽ മറുപടിയ്ക്ക്**

**നികുതി വകുപ്പിന്റെ പുന:സംഘടനയെത്തുടർന്നുള്ള നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നിയമത്തിന് അനുസൃതമായി നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ചതിനെത്തുടർന്നുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | റവന്യൂ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും മികച്ച നികുതിദായക സേവനങ്ങൾ നൽകുന്നതിനും സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുന്നതിനും, നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും ജീവനക്കാരുടെ ജോബ് സാറ്റിസ്ഫാക്ഷൻ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വച്ചു കൊണ്ടാണ് വകുപ്പിൽ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 55/2022/ടാക്സസ് തീയതി 02/08/2022, സർക്കാർ ഉത്തരവ് (എം.എസ്) 106/2022/ടാക്സസ് തീയതി 29/12/2022 എന്നിവ പ്രകാരം സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം ഉൾപ്പെടെ നൽകികൊണ്ട് വകുപ്പിനെ സജ്ജമാക്കിവരികയാണ്. |

സെക്ഷൻ ഓഫീസർ